സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 34-38

പാലൈ
PALAI பாலை
ISSN No: 3049-0316



# വിവർത്തനവും സാംസ്കാരിക വിനിമയവും: ചില പ്രായോഗിക പ്രശ്നങ്ങൾ

**ശശിധരൻ എ.പി.***

**സംഗ്രഹം**

മനുഷ്യനെ ഭൂമുഖത്തുള്ള ജീവികളിൽ നിന്ന് വ്യത്യസ്തമാക്കി തീർക്കുന്ന ഏറ്റവും വലിയ സവിശേഷത ഭാഷാപ്രയോഗശേഷിയാണ്. മനുഷ്യൻ ഒരു ഭാഷ ജീവിയാണ് (Man is a language animal ) എന്ന പ്രസ്താവന ഏത് അർത്ഥത്തിലും ശരിയാണ്. മനുഷ്യൻ സാമൂഹിക ജീവിയാണ് എന്ന് പറയും പോലെ തന്നെ പ്രധാനമാണ് മനുഷ്യൻ ഭാഷാജീവിയാണ് എന്ന നിരീക്ഷണവും. സാമൂഹിക ജീവിതത്തിനായി മനുഷ്യൻ കണ്ടെത്തിയ ഉപാധിയാണ് ഭാഷ. സമൂഹമില്ലെങ്കിൽ മനുഷ്യനില്ല. ഭാഷയില്ലെങ്കിൽ സമൂഹവും ഇല്ല. അങ്ങനെ മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനമായി തന്നെ ഭാഷ എന്ന പ്രതിഭാസം മാറുന്നു. വ്യത്യസ്ത ഭാഷാസമൂഹങ്ങൾ വ്യത്യസ്ത ലോകങ്ങളിൽ തന്നെയാണ് നിലനിൽക്കുന്നത്. ഭാഷയിൽ നിന്ന് വേറിട്ട് മനുഷ്യന് ജീവിതമില്ല. അവന്റെ അബോധത്തെ പോലും നിർണ്ണയിക്കുന്നത് ഭാഷയാണെന്ന് പറയാം. ഭാഷയുടെ ആശയവിനിമയ മണ്ഡലത്തിലെ വിവിധങ്ങളായ പ്രത്യക്ഷീകരണങ്ങളിൽ പ്രധാനമാണ് കലാസാഹിത്യങ്ങൾ. അർത്ഥതലങ്ങളുടെ പ്രകടവശങ്ങളിൽ തട്ടിനിശ്ശബ്ദമായി പോകുന്ന സാഹിത്യഭാഷയെ ബഹുദൂരം മുന്നോട്ടു കൊണ്ടുപോകുന്ന വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും യഥാർത്ഥത്തിൽ മനുഷ്യജീവിതത്തിന്റെ തന്നെ വിശദീകരണങ്ങളാണ്. ഓരോ സാഹിത്യകൃതിയും മനുഷ്യ ജീവിതത്തിന്റെ ആവിഷ്കാരങ്ങളാണ്, ഒരു ജനസമൂഹത്തിന്റെ സാംസ്കാരികജീവിതപ്രതിഫലനങ്ങളാണ് ഓരോ സാഹിത്യസംവർഗ്ഗങ്ങളും.

**താക്കോൽ വാക്കുകൾ :** വിവർത്തനം - സാംസ്കാരിക വിനിമയം- വിവർത്തന പ്രക്രിയ - ഇസഡോർ പിഞ്ചുക് -സാമാജിക ഭാഷണം - ദലിത് ഭാഷ

വ്യത്യസ്ത ഭാഷാസമൂഹങ്ങളെ അടുത്തറിയാനുള്ള ഉപാധി എന്ന നിലയിലാണ് വിവർത്തനം രൂപം കൊള്ളുന്നതും വികസിക്കുന്നതും. ജനസമൂഹങ്ങൾ തമ്മിലുള്ള പരസ്പര സഹകരണത്തിന്റെയും കൊടുക്കൽ വാങ്ങലുകളുടെയും ഒരു പാലമായിരുന്നു അത്. അതിപ്രാചീനകാലം മുതൽ തന്നെ ലോകത്തിലെ വിവിധ ഭാഷകളിൽ സവിശേഷ ലക്ഷ്യങ്ങളോടെ വിവർത്തനം നടക്കുന്നുണ്ട്. എങ്കിലും സ്വന്തമായി വ്യക്തിത്വമുള്ള സർഗാത്മക സാഹിത്യത്തിന്റെ ഒരു പ്രധാന ശാഖയായി അത് വളർന്നുവരുന്നത് ആധുനിക കാലത്താണ്. വിവരവിനിമയത്തിനായി സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ സമ്പ്രദായങ്ങൾ ഇന്ന്

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്

നിലവിൽ ഉണ്ടെങ്കിലും വിവർത്തനത്തിന്റെ മേഖല സജീവമായി സർഗാത്മകസാഹിത്യ മേഖലയിൽ ഇടം കണ്ടെത്തിയിരിക്കുന്നു. അപരിചിത ഭൂപ്രദേശങ്ങളെയും, ജനസമൂഹത്തിന്റെ ദൈനംദിന ജീവിത സന്ദർഭങ്ങളെയും അടുത്തറിയാനുള്ള ഉപാധിയായി വിവർത്തനത്തെ നാമിന്നും ആശ്രയിക്കുന്നു. പുതിയകാലത്ത് വിവർത്തനം അനിവാര്യത എന്നതിനേക്കാൾ എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കേണ്ട ഒന്നായി മാറിയിരിക്കുന്നു. കമ്പ്യൂട്ടർ മേഖലയിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചുറ്റുപാടിലും വിവർത്തനത്തിന്റെ സാധ്യതകൾ അനന്തമാണ്. അന്തർദേശീയ പ്രാധാന്യമുള്ള വാർത്തകൾ സമൂഹമാധ്യമങ്ങളിലൂടെ അതതു പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കാൻ വിവർത്തനം തന്നെയാണ് പ്രയോജനപ്പെടുത്തുന്നത്.

## വിവർത്തന പ്രക്രിയ

വിവർത്തനം കുറ്റമറ്റതായി തീരണമെങ്കിൽ ഒട്ടേറെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വിവിധ കാലഘട്ടങ്ങളിൽ വിവർത്തന സമ്പ്രദായങ്ങളിൽ വ്യത്യാസം ഉണ്ടാവുന്നത് സ്വാഭാവികമാണ്. ഭാഷയിലും, ശൈലിയിലും ഈ വ്യത്യാസം പ്രകടമാവാറുണ്ട്. സർഗാത്മക കൃതികളെ അപേക്ഷിച്ച ശാസ്ത്ര കൃതികളുടെ വിവർത്തനം വസ്തുനിഷ്ഠവും യുക്തിഭദ്രവും ആയിരിക്കണം. ഭാവനയ്ക്കോ അതിശയോക്തികൾക്കോ ഇവിടെ സ്ഥാനമില്ല. ശാസ്ത്രത്തിന്റെ സാങ്കേതിക സംജ്ഞകൾ എല്ലായിടത്തും ഒരുപോലെ ആയിരിക്കും. ഹൈഡ്രജൻ,ഓക്സിജൻ മുതലായ സാങ്കേതിക നാമങ്ങൾ അങ്ങനെ തന്നെ വിവർത്തനം ചെയ്യുന്നതാണ് യുക്തിസഹമായിട്ടുള്ളത്. ആർക്കുവേണ്ടിയുള്ളതാണ് വിവർത്തനം എന്നതാണ് അടുത്ത പ്രശ്നം. സാമാന്യ വായനയ്ക്കോ, പഠനാവശ്യത്തിനോ, റഫറൻസ് ആവശ്യത്തിനോ, കുട്ടികൾക്ക് വേണ്ടിയോ തുടങ്ങിയ കാര്യങ്ങൾ വിവർത്തകൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവ ഓരോന്നും വ്യത്യസ്തമായ വിവർത്തനപ്രക്രിയകൾക്ക് വിധേയവും ആയിരിക്കും.

## വിവർത്തനവും സാംസ്കാരിക വിനിമയവും

ഭാഷാപരമായ സങ്കുചിതത്വത്തെ മറികടന്ന് വ്യത്യസ്ത സാംസ്കാരിക ഭൂമികകളെ പരിചയപ്പെടുത്താനുള്ള ഉപാധിയായിട്ടാണ് വിവർത്തനം വികാസം പ്രാപിക്കുന്നത്.വിവർത്തനം കേവലം ഭാഷാന്തരണം മാത്രമല്ല അർത്ഥാന്തരണം കൂടിയാണ്. "അർത്ഥം നഷ്ടമാകാതെ ഒരാശയത്തെ ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റുന്നതാണ് വിവർത്തനം" എന്ന് ഡോക്ടർ സാമുവൽ ജോൺസൺ നിർവചിക്കുന്നത് ഈ വിശാലാർത്ഥത്തിലാണ്. സാധാരണ ആശയവിനിമയപ്രക്രിയയിൽ ഭാഷ മാത്രമല്ല ആശയവിനിമയോപാധിയായി പ്രവർത്തിക്കുന്നത്. സന്ദർഭം, ശ്രോതാവ്, വക്താവ്, പ്രായം, ലിംഗഭേദം, സാംസ്കാരിക നിലവാരം, ആംഗ്യ ചലനങ്ങൾ,മുഖഭാവങ്ങൾ, ലീനധ്വനികൾ തുടങ്ങിയ ഒട്ടേറെ ഘടകങ്ങളുമായി ബന്ധപ്പെട്ടാണ് സംഭാഷണ വേളയിൽ അർത്ഥവിനിമയം സാധ്യമാകുന്നത്. എന്നാൽ എഴുത്തുകാരന്റെ മുമ്പിൽ ഭാഷ മാത്രമാണ്,അതും എഴുത്തു ഭാഷ മാത്രമാണ് ആശയസംവേദനത്തിനുള്ള ഉപാധി. ഏതൊരു എഴുത്തുകാരന്റെയും മുമ്പിൽ സൗന്ദര്യാത്മകമായ ഒരു പ്രതിസന്ധി എഴുത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉയർന്നു വരുന്നുണ്ട്. വിവർത്തനത്തെ ഇത് കൂടുതൽ ബാധിക്കാനും പരിക്കേൽപ്പിക്കാനും മതിയായ കാരണമാണ്. പ്രത്യേകിച്ച് സർഗാത്മക സാഹിത്യ വിവർത്തനത്തിൽ സ്രോതഭാഷയുടെ ശൈലി, സംസ്കാരം എന്നിവയ്ക്ക് ഏറെ പ്രസക്തിയും പ്രാധാന്യവും ഉണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്.

സയന്റിഫിക് ആൻഡ് ടെക്നിക്കൽ ട്രാൻസ് ലേഷൻ എന്ന കൃതിയിൽ വിവർത്തനത്തിൽ സാംസ്കാരിക പരിസരത്തിനുള്ള പ്രാധാന്യത്തെ കുറിച്ച് ഇസഡോർ പിഞ്ചുക് വ്യക്തമാക്കുന്നുണ്ട്.

പരിസര വിജ്ഞാനം (Ecology), സാമൂഹിക ബന്ധങ്ങൾ (Social Relations), സാങ്കേതികവിദ്യ (Technology), വിശ്വാസങ്ങളും മൂല്യങ്ങളും (Beliefs and values), ഭാഷയും കലയും (Language and Art) എന്നിങ്ങനെ അഞ്ചു വസ്തുതകളാണ് ഓരോ സംസ്കാരത്തെയും നിർണ്ണയിക്കുന്നത് എന്ന് അദ്ദേഹം വിശദമാക്കുന്നുണ്ട് ഒരു ഭാഷണ സമൂഹത്തിലെ ആളുകളുടെ മനോഭാവങ്ങളെയും, പ്രതികരണ രീതികളെയും അടിസ്ഥാനപ്പെടുത്തുന്നത് ഇവയാണ്. ഈ മേഖലകളിലെ പദങ്ങളും പ്രയോഗങ്ങളും വിവർത്തന ക്ഷമമാകണമെങ്കിൽ വിവർത്തകന് അഗാധമായ ഗവേഷണ മനോഭാവം കൂടിയേ തീരുകയുള്ളൂ.

പരിസര വിജ്ഞാനീയത്തിൽ ഭൗതിക ജീവിത പരിസരം തന്നെയാണ് പ്രധാനം. ഋതുഭേദങ്ങൾ ലോകത്തിലെ എല്ലായിടത്തും ഒരുപോലെയല്ല. യൂറോപ്യന്മാരുടെ വിന്റർ സീസൺ ആ അർത്ഥത്തിൽ മലയാളികൾ അനുഭവിക്കുന്നില്ല. നമ്മുടേതു പോലുള്ള മഴക്കാലം അവർക്കും അനുഭവസ്ഥമല്ല. ഉരുൾപൊട്ടലും,

 ISSN No: 3049-0316 

മണ്ണിടിച്ചിലും അവർക്ക് അപരിചിതമായിരിക്കുന്നത് പോലെ തന്നെയാണ് അഗ്നിപർവ്വത സ്ഫോടനങ്ങൾ നമുക്കും നേരിട്ട് അനുഭവമല്ലാതിരിക്കുന്നത്. നമ്മുടെ മലയോരങ്ങളും, ഇടവപ്പാതിയും, തുലാവർഷവും, ഞാറ്റുവേലയും, പുഞ്ചപ്പാടങ്ങളും, നെടുവരമ്പുകളും, മലയോര ഗ്രാമങ്ങളും, പക്ഷി മൃഗാദികളും, അതുപോലെ മറ്റൊരു സംസ്കാരത്തിന് ഉൾക്കൊള്ളാൻ കഴിഞ്ഞെന്നു വരില്ല.

സാമൂഹിക ബന്ധങ്ങൾ എല്ലാ സംസ്കാരങ്ങളിലും ഒരുപോലെയല്ല. കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ ജാതിയും, ജാതിയുമായി ബന്ധപ്പെട്ട് അരങ്ങേറിയ ഒട്ടേറെ ആചാരങ്ങളും,വിശ്വാസങ്ങളും മറ്റൊരു ജനസമൂഹത്തിന് മനസ്സിലാവണമെന്നില്ല.അയിത്തം, തീണ്ടൽ, പുലപ്പേടി, മണ്ണാപ്പേടി, സതി അനുഷ്ഠാനം എന്നിവ യൂറോപ്യൻ സമൂഹത്തിൽ ഏത് രീതിയിലാവും മനസ്സിലാക്കപ്പെടുക? ചരിത്രരചനയുടെ ഉപാദാനസാമഗ്രികളായ ശവസംസ്കാര ഉപകരണങ്ങൾ തൊപ്പിക്കല്ല്, കുടക്കല്ല്, നന്നങ്ങാടികൾ മുതലായവ എങ്ങനെ വിശദീകരിച്ചു കൊടുത്താലാണ് മറ്റൊരു സാംസ്കാരിക ജീവിതത്തിന് ഉൾക്കൊള്ളാനാവുക? അവശിഷ്ട മേഖലകളിലെ ഭാഷാരൂപങ്ങളും ഭാഷയ്ക്കകത്ത് തന്നെ നിലനിൽക്കുന്ന ഭാഷാഭേദങ്ങളും ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യുക എളുപ്പമല്ല. ആദിവാസി ഗോത്രസമൂഹങ്ങളിലെ ഉൽപ്പന്നങ്ങളും പേരുകളും അനുഷ്ഠാനങ്ങളും മറ്റൊരു സമൂഹത്തിന് എളുപ്പം വിനിമയക്ഷമമാകണമെന്നില്ല. ഇല്ലം, മന, നാലുകെട്ട്, കുപ്പമാടം, കാവ്,കളരി,പൂരം, തെയ്യം, തിറ, സംബന്ധം, പുടമുറി, അമ്മി, ചൂൽ എന്നിവ തികച്ചും കേരളീയമാണ്. ഓണവുമായി ബന്ധപ്പെട്ട് തന്നെ ഒട്ടേറെ ശൈലികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കുന്നുണ്ട്. ഓണക്കോടി എന്ന പദം തന്നെ നോക്കുക. അതിനു പിന്നിൽ പ്രവർത്തിക്കുന്ന വിശാലമായ ഒരു സംസ്കാരിക പരിസരമുണ്ട്. അതെല്ലാം ആ അർത്ഥത്തിൽ മലയാളികൾ അല്ലാത്ത ഒരു ജനസമൂഹത്തെ ബോധ്യപ്പെടുത്തുക അസാധ്യമാണ്. ജാതി സമൂഹങ്ങളിലെയും മതസമൂഹങ്ങളിലെയും വസ്ത്രപ്പേരുകളും ബന്ധ പേരുകളും വ്യത്യസ്തങ്ങളാണ്. അതൊന്നും അത്ര എളുപ്പം വിവർത്തനക്ഷമമാവുകയില്ല. ഇന്ദുലേഖയുടെ ഇംഗ്ലീഷ് വിവർത്തനത്തിൽ സംഭവിച്ച പ്രയാസങ്ങളെക്കുറിച്ച് ഡ്യൂമർഗ് രേഖപ്പെടുത്തിയിട്ടുണ്ട്. കാരണവർ, സംബന്ധം തുടങ്ങിയ ആ കൃതിയിൽ ആവർത്തിച്ചു വരുന്ന പദങ്ങൾക്ക് തുല്യമായ പദങ്ങൾ ഇംഗ്ലീഷിൽ ലഭിക്കാത്തതിന്റെ കുഴപ്പങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

സാങ്കേതികവിദ്യയുടെ പുരോഗതിയുമായി ബന്ധപ്പെട്ട പദങ്ങളുടെ വിവർത്തനക്ഷമതയില്ലായ്മയും വിവർത്തകന് പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. സാങ്കേതികശബ്ദാവലികളും പദകോശങ്ങളും മിക്ക ഭാഷകളിലും ഉണ്ട്. ശാസ്ത്രവിഷയങ്ങളിലെ സാങ്കേതിക പദാവലികൾക്ക് പ്രാദേശികഭേദങ്ങൾ ഉപയോഗിച്ചാൽ അത് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിന് തടസ്സമാകും. ഉദാഹരണമായി നാഴിക എന്നത് മലയാളത്തിൽ ദൂരത്തെയും, സമയത്തെയും കുറിക്കാൻ ഉപയോഗിക്കുന്ന പദമാണ്. ഒരു ശാസ്ത്രകൃതിയുടെ വിവർത്തനത്തിൽ ഈ പദം കടന്നു വന്നാൽ അർഥത്തെ സംബന്ധിച്ച് സംശയത്തിനിട നൽകാൻ സാധ്യത ഏറെയാണ്. അതുപോലെ നാഴി എന്ന പദംഅളവിനെയും, അളക്കാനുള്ള ഉപകരണത്തെയും ഒരേസമയം കുറിക്കാറുണ്ട്. ഉഴക്ക്,മുഴം, കാശ്, ചക്രംഎന്നീ പദങ്ങളും അർത്ഥ പ്രശ്നത്തിനിടയാക്കിയേക്കാം. ഇങ്ങനെ പരമ്പരാഗത സാങ്കേതികവിദ്യവുമായി ബന്ധപ്പെട്ട ഭാഷാപദങ്ങൾ വിവർത്തനത്തിന്റെ തുടർച്ച നഷ്ടപ്പെടുത്താൻ ഇടയുണ്ട്.

വിശ്വാസങ്ങളും മൂല്യബോധങ്ങളും വ്യത്യസ്തഭാഷാസമൂഹങ്ങളിൽ വ്യത്യസ്തമായി പ്രത്യക്ഷപ്പെടുന്നു. പ്രാദേശികവും സാമൂഹികവുമായ ഭാഷാഭേദങ്ങൾ വിവർത്തനത്തെ വലിയതോതിൽ വിഷമവൃത്തത്തിൽ ആക്കാൻ ഇടയുണ്ട്. ജാതി,മത വൈവിധ്യങ്ങൾ ആചാര അനുഷ്ഠാനങ്ങളിലും, വിശ്വാസത്തിലും, മൂല്യ സങ്കല്പങ്ങളിലും സ്വാധീനം ചെലുത്താറുണ്ട്. വിവാഹം,കല്യാണം എന്നീ പദങ്ങൾ പൊതുവായി ഉപയോഗിക്കുമ്പോഴും ഇസ്ലാം മതവിശ്വാസികൾ നിക്കാഹ് എന്ന അറബി വാക്കാണ് അവരുടെ സമൂഹങ്ങളിൽ ഉപയോഗിക്കുന്നത്. പ്രാദേശികമായി ചില സമൂഹങ്ങളിൽ വേളി, മംഗലം എന്നീ പദങ്ങളും ഉപയോഗിക്കാറുണ്ട്. ഓരോ സമൂഹത്തിനും അവരുടേതായ ഭാഷാപ്രയോഗങ്ങളും, കലാരൂപങ്ങളും ഉണ്ടായിരിക്കും. വെളിച്ചപ്പാട്, ശാന്തി, കപ്യാര്,മുക്രി, തെയ്യം, തിറ, കോതാമൂരി, പടയണി, ഒപ്പന, ദഫ്മുട്ട്, മാർഗംകളി, ചവിട്ടുനാടകം, മനസമ്മതം, മാമോദീസ, ഉദകക്രിയ, ക്കുദാശ, വെഞ്ചരിക്കുക, കുർബാന, നിസ്കാരം എന്നിങ്ങനെ വിവിധ ജാതി മത വിഭാഗങ്ങളിലെ ആചാര അനുഷ്ഠാനങ്ങളെയും കലാരൂപങ്ങളെയും സൂചിപ്പിക്കുന്ന പദങ്ങൾ, നല്ല പരിചയമുള്ള വിവർത്തകന് മാത്രമേ പരിഭാഷ സാധ്യമാവുകയുള്ളൂ. ഭാഷയ്ക്കകത്ത് നിലനിൽക്കുന്ന ആശയവിനിമയത്തിന്റെ അനൗപചാരിക സാധ്യതകളും വിവർത്തനത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ഇടയുണ്ട്. സാമാജിക ഭാഷണംപോലെയുള്ള ഭാഷണ സന്ദർഭങ്ങൾ ഭാഷാശാസ്ത്ര പരിജ്ഞാനം ഉള്ള വിവർത്തകന്

ISSN No: 3049-0316


മാത്രമേ വിവർത്തനക്ഷമമാവുകയുള്ളൂ. വലിയ അർത്ഥവിനിമയം ഒന്നും ലക്ഷ്യം വെക്കാത്ത സാമാന്യമായ കുശലാന്വേഷണങ്ങളാണ് സാമാജികഭാഷണത്തിന്റെ പരിധിയിൽ വരുന്നത്.

ഉദാഹരണമായി വഴിയിൽ കാണുന്ന പരിചയക്കാരനോട് 'സുഖമല്ലേ?' എന്ന് ചോദിക്കുന്നത് അസുഖം എന്തെങ്കിലും ഉണ്ടോ എന്ന് അർത്ഥം ഉദ്ദേശിച്ചല്ല. ഈ ആന്തരികമായ അർത്ഥധ്വനി വായനക്കാരന് പിടികിട്ടും വിധമായിരിക്കണം വിവർത്തനം നിർവഹിക്കേണ്ടത്.

യഥാർത്ഥത്തിൽ ഭാഷകൾ അല്ല വിവർത്തനം ചെയ്യപ്പെടുന്നത് സാംസ്കാരിക ജീവിതമാണ്. വിവർത്തനം വഴിയുള്ള ആശയവിനിമയം രണ്ടോ അതിലേറെയോ സംസ്കാരങ്ങൾ തമ്മിലാണ് നടക്കുന്നതെന്ന് വിമർശന സൈദ്ധാന്തികരും ഗവേഷകരും അഭിപ്രായപ്പെടുന്നുണ്ട്. ജാതിവ്യവസ്ഥയും,ജന്മിത്വവും നിലനിന്നിരുന്ന പഴയ കേരളീയ പരിസരത്ത് സജീവമായിരുന്ന ഭാഷ പ്രയോഗം ആയിരുന്നു ആചാരഭാഷ.മേലാള കീഴാള സംസ്കാരം ഭാഷയിലൂടെ തന്നെ നിലനിർത്തുന്ന സമ്പ്രദായമായിരുന്നു ഇത്.കീഴാളൻ സ്വയം വിനയം പ്രകടമാക്കുന്ന വിനയ സൂചകപദങ്ങളും, മേലാളനെ ബഹുമാനിക്കാൻ ഉപയോഗിക്കുന്ന ആദരസൂചകപദങ്ങളുമായിരുന്നു ആചാരഭാഷയുടെ അടിസ്ഥാന പദാവലികൾ. അടിയൻ എന്ന് വിനയഭാവത്തിലും, തമ്പ്രാൻ എന്ന് ആദരസൂചകമായും ആചാരഭാഷയിൽ പ്രയോഗിച്ചു. മേലാളനുമായി ബന്ധപ്പെട്ടതെല്ലാം വിശിഷ്ടമായും കീഴാളൻ സ്വയം ഇകഴ്ത്തിയും സംസാരിച്ചു. തിരു,പള്ളി എന്നിങ്ങനെ ചില വിശേഷണങ്ങൾ ചേർത്തു മാത്രമേ മേലാളന്റെ പ്രവൃത്തികളെ അവതരിപ്പിക്കാറുണ്ടായിരുന്നുള്ളൂ. തിരുമേനി, തിരുവുള്ളം, തിരുമനസ്, തിരുവാക്ക്, പള്ളിക്കുറുപ്പ്, പള്ളിവേട്ട,പള്ളിനീരാട്ട് എന്നിങ്ങനെ മേലാളന്റെ പ്രവൃത്തികൾ വിശേഷിപ്പിക്കപ്പെട്ടു. മേലാളന്റെ ഭക്ഷണം അമൃതേത്തും അടിയന്റേത് കരിക്കാടിയുമായിരുന്നു. ഈ ഭാഷാപ്രയോഗങ്ങളുടെ സാഹചര്യം അറിയാത്ത ഒരു വിവർത്തകൻ ഇത്തരം ഭാഷാപ്രയോഗങ്ങൾക്ക് തുല്യമായ പദം മറ്റൊരു ഭാഷയിൽ കണ്ടെത്താൻ ബുദ്ധിമുട്ടുക സ്വാഭാവികമാണ്. ബഷീറിന്റെ ബാല്യകാലസഖി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്ന വേളയിൽ ചെറുക്കൻ, പെണ്ണ് എന്നീ പദങ്ങൾ റൊണാൾഡ് ഇ ആഷർക്ക് ഉണ്ടാക്കിയ ബുദ്ധിമുട്ടിനെക്കുറിച്ച് കെ.പി.ശങ്കരൻ വ്യക്തമാക്കുന്നുണ്ട്. ബഷീർകൃതികൾ വിവർത്തനത്തിന് അപ്രാപ്യമായ ഒരു വിതാനമാണ് എന്ന് അദ്ദേഹം വിശദമാക്കുന്നുണ്ട്.

ഓരോ പ്രദേശത്തിനും, ഓരോ ഭാഷാസമൂഹങ്ങൾക്കും അവരുടേതായ ഭാഷാഭേദങ്ങൾ നിലനിൽക്കുന്നതും വിവർത്തനത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. തീരദേശത്ത് പെരുമീനുദിക്കുക, വെള്ളകീറുക എന്നീ പ്രയോഗങ്ങൾ സൂര്യോദയത്തെയും വെളിച്ചം പരക്കുന്നതിന്റെയും സൂചനകളാണ്. മലയാളികൾക്ക് നിറങ്ങൾക്ക് പേരുകൾ ഉണ്ടെങ്കിലും ഇംഗ്ലീഷിൽ ഉള്ള അത്രയും പേരുകൾ ഇല്ല. പിങ്ക്, വയലറ്റ്,മജന്റ,ഓറഞ്ച് എന്നിവയൊക്കെ ഇംഗ്ലീഷിൽ നിന്ന് കടമെടുക്കുകയാണ് പതിവ്. ആമസോൺ തടത്തിൽ ട്രെയിൻ എന്നൊരു വാക്കേ ഇല്ല. എസ്കിമോകൾക്ക് താപനിലയെ കുറിക്കാൻ ഒരു പദമില്ല. ഇതെല്ലാം കാണിക്കുന്നത് സാമൂഹിക സംഘർഷങ്ങളുടെ ഉൽപ്പന്നം മാത്രമാണ് ഭാഷ എന്നാണ്. ജനജീവിതമാണ് ഭാഷയിലൂടെ, അവയുടെ പ്രത്യക്ഷീകരണങ്ങളായ സാഹിത്യരൂപങ്ങളിലൂടെ ആവിഷ്കൃതമാകുന്നത്. ആദിവാസി ഗോത്ര ജീവിതരീതികളെക്കുറിച്ച് അറിയാത്ത ഒരു വിവർത്തകൻ ആദിവാസിഗാനം വിവർത്തനം ചെയ്യുമ്പോഴുള്ള അർത്ഥ വ്യതിയാനത്തെക്കുറിച്ച് ശ്രീ കവിയൂർ മുരളി അദ്ദേഹത്തിന്റെ 'ദളിത് ഭാഷ' എന്ന കൃതിയിൽ വിശദമാക്കുന്നുണ്ട്.

"നേരം പോയ് നേരം പോയ്
പൂക്കൈത മറ പറ്റി" - എന്ന ഗാനം ആദിവാസി ജീവിതത്തിന്റെ ദുഃഖ സങ്കീർത്തനം ആണ്. ഇത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് പ്രസിദ്ധ കവിയും ഇംഗ്ലീഷ് അധ്യാപകനുമായിരുന്ന ഡോ: അയ്യപ്പപ്പണിക്കരാണ്. (A short history of Malayalam literature - Dept. Of public relation, Govt of Kerala. 1988) അദ്ദേഹത്തിന്റെ തർജ്ജമ ഇപ്രകാരമാണ്

"The time is gone, the time is gone
The waterfowl
Is hopping away
Behind the screw pine"-

പൂക്കൈത എന്ന വാക്കിന് "Screw pine " എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. പൂത്തു നിൽക്കുന്ന കൈതച്ചെടി എന്ന അർത്ഥത്തിലാണ് വിവർത്തനം. ആദിവാസി ജീവിതത്തിന്റെ ഭാവാത്മകമായ പ്രകൃതി

 ISSN No: 3049-0316 

നിരീക്ഷണം മനസ്സിലാക്കാൻ വിവർത്തകന് കഴിയാത്തതുകൊണ്ടാണ് ഈ രീതിയിലുള്ള വിവർത്തനം ഉണ്ടായതെന്ന് ലേഖകൻ പറയുന്നു. യഥാർത്ഥത്തിൽ 'പൂക്കൈത' എന്നത് ആദിവാസിസമൂഹങ്ങളിൽ സൂര്യനെ കുറിക്കുന്ന പ്രയോഗമാണ്, തീരദേശത്ത് പെരുമീൻ എന്നപോലെ.

കവിയൂർ മുരളിയുടെ വിവർത്തനം ഇങ്ങനെയാണ്.

"It's high time, it's high time
The sun hide himself in the west
(to stop the work n'go)

അന്നം ചിന്നം,അപ്പോ ഇപ്പോ, ഉന്തും തള്ളും, ചൊവ്വും നേരും, തട്ടീം മുട്ടീം, പപ്പുംപൂടേം, മണ്ണും പെണ്ണും, ഈരും പേനും മുതലായ ദളിത് ഭാഷയിലെ സവിശേഷാർത്ഥ പ്രയോഗങ്ങളും കുപ്പ കെളയ്ക്കുക, മണ്ടകീറുക, മറുകണ്ടം ചാട്ടുക തുടങ്ങിയ ശൈലി വിശേഷങ്ങളും മറ്റൊരു ഭാഷാ സമൂഹത്തിൽ വിനിമയക്ഷമം ആകണമെങ്കിൽ ആഴങ്ങളിലെ ധ്വനിവിശേഷങ്ങളെക്കുറിച്ച് വിവർത്തകന് നല്ല ധാരണ ഉണ്ടാവണം. വിവർത്തനം ഒരു നേരംപോക്കല്ല, മറിച്ച് ജനതയുടെ സാംസ്കാരിക വികാസത്തിൽ മുമ്പേ പറക്കുന്ന പക്ഷികളാണെന്ന വ്യക്തമായ ധാരണ ഉണ്ടായെങ്കിൽ മാത്രമേ വിവർത്തനത്തിന്റെ സർഗാത്മക സ്വഭാവം പ്രകടമാവുകയുള്ളൂ.

## സഹായക ഗ്രന്ഥങ്ങൾ

1. വിവർത്തനം കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് 1979 ഒരു സംഘം ലേഖകൻ
2. പ്രബോധ ചന്ദ്രൻ നായർ വി ആർ : വിവർത്തനത്തിന്റെ ഭാഷാ ശാസ്ത്രഭൂമിക, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 1980
3. വിശ്വനാഥ അയ്യർ എൻ. ഇ : വിവർത്തന വിചാരം
4. സച്ചിദാനന്ദൻ : കവിത വിവർത്തനം ചെയ്യുന്ന മൂന്നു വഴികൾ പച്ചക്കുതിര മാർച്ച് 2021
5. ഡോ: മാത്യു മുട്ടത്ത്,ഡോ: കെ. വി തോമസ് : വിവർത്തനവിചിന്തനം ലിപി കോഴിക്കോട്
6. Euguen A. Nida :Towards a science of translation Leiden E. J. Brill 1964
7. Susan Bassnet : Translation studies London Methuen 1980
8. Pinchuklsadore : Scientific and Technical Translation. A Deutusch 1977
9. കവിയൂർ മുരളി: ദളിത് ഭാഷ കറന്റ് ബുക്സ്, കോട്ടയം 1997